Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

**All Kerala Press Release** 4.3.2017

**കേരള കാത്തലിക് ഫെഡറേഷൻ (KCF) 20-ാം വാർഷികസമാപനവും ജനറൽബോഡിയും, 2017 മാർച്ച് 10,11 തീയതികളിൽ പാലാരിവട്ടം പിഒസിയിൽ വച്ച് സാമൂഹ്യനീതിസമ്മേളനം, അല്മായനേതാക്കളെ ആദരിക്കൽ, സിമ്പോസിയം തുടങ്ങി വിവിധ പരിപാടികളോടെ നടത്തുന്നതാണ്.**

മാർച്ച് 10 (വെള്ളി) വൈകിട്ട് 5-ന് മാനേജിങ്ങ് കമ്മറ്റി യോഗം. തുടർന്ന് 6 മണിക്കുള്ള സാമൂഹ്യനീതി സമ്മേളനം കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യും. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് വിഷയാവതരണം നടത്തുന്നതും, ശ്രീ പന്ന്യൻ രവീന്ദ്രൻ (സിപി.ഐ. കേന്ദ്ര സെക്രട്ടറിയേറ്റംഗം), ശ്രീമതി റോസക്കുട്ടി ടീച്ചർ (വനിതാ കമ്മീഷൻ ചെയർമാൻ, കേരള സംസ്ഥാനം), ഡോ, മാത്യു കുഴൽനാടൻ (യൂത്ത് കോൺഗ്രസ് ദേശീയ സെക്രട്ടറി), ശ്രീ. ഗീതാനന്ദൻ (സാമൂഹ്യപ്രവർത്തനം), ശ്രീ. വി.വി. അഗസ്റ്റിൻ (കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ്), ശ്രീ. ആന്റണി നൊറോണ (കെ.എൽ.സി.എ. പ്രസിഡന്റ്), ശ്രീ. പി.കെ. ജോസഫ് (എം.സി.എ. ദേശീയ പ്രസിഡന്റ്) എന്നിവർ പ്രസംഗിക്കുന്നതുമാണ്. കെ.സി.എഫ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ഷാജി ജോർജ് അധ്യക്ഷത വഹിക്കുന്നതും ജനറൽ സെക്രട്ടറി ശ്രീ. മോൻസൺ കെ. മാത്യു സ്വാഗതവും, ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ നന്ദിയും ആശംസിക്കും.

തുടർന്ന് രാത്രി 8.30-ന് കേരള കത്തോലിക്കാസഭയിലെ മൂന്നു റീത്തുകളിലുംപെട്ട എല്ലാ രൂപതകളിൽ നിന്നുമുള്ള അല്മായ നേതാക്കളെ ആദരിക്കുന്നതാണ്. സീറോ മലബാർസഭ മേജർ ആർച്ചിബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷത വഹിക്കുന്നതും, ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി സന്ദേശം നല്കുന്നതുമാണ്. ഫാ. ജോൺ തുണ്ടിയത്ത് (എം.സി.എ. ഉപദേഷ്ടാവ്), ഫാ. ജോസ് നവാസ് (കെ.എൽസി.എ. ഉപദേഷ്ടാവ്), ഫാ. ജിയോ കടവിൽ (കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ) എന്നിവർ ആശംസകൾ നേരും. ഷാജി ജോർജ് സ്വാഗതവും മോൻസൺ കെ. മാത്യു കൃതജ്ഞതയും ആശംസിക്കും.

11-ാംതീയതി ശനിയാഴ്ച രാവിലെ 8.30-ന് സമകാലീന കേരളവും അല്മായ സംഘടനകളും എന്ന വിഷയത്തിൽ സിമ്പോസിയം നടത്തുന്നതാണ്. പ്രൊഫ. ജേക്കബ് എം. എബ്രാഹം (കെ.സി.എഫ്. മുൻ പ്രസിഡന്റ്), ശ്രീ. ജോയി ഗോതുരുത്ത് (കെ.എൽ.എം. മുൻ പ്രസിഡന്റ്), ഡോ. കൊച്ചുറാണി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതും അഡ്വ. ബിജു പറയനിലം (കത്തോലിക്കാ കോൺഗ്രസ് ജന. സെക്രട്ടറി), അഡ്വ. ഷെറി ജെ. തോമസ് (കെ.എൽ.സി.എ. ജന. സെക്രട്ടറി), ശ്രീ തോമസ് ചെറിയാൻ (എം.സി.എ. ജന. സെക്രട്ടറി) എന്നിവർ പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നതുമാണ്. അഡ്വ. ലാലി ജോൺ മോഡറേറ്ററായിരിക്കുന്നതും ശ്രീമതി സെലിൻ സിജോ (വൈസ്പ്രസിഡന്റ്, കെ.സി.എഫ്.) സ്വാഗതവും, ശ്രീമതി പ്രഷീല ഇമ്മാനുവേൽ ബാബു നന്ദിപ്രകാശനവും നിർവഹിക്കുന്നതുമാണ്. തുടർന്ന് സമാപനസമ്മേളനം കെസിബിസി അല്മായ കമ്മീഷൻ വൈസ്ചെയർമാൻ ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ഉദ്ഘാടനം ചെയ്യും. ടോമിച്ചൻ അയർകുളങ്ങര അധ്യക്ഷത വഹിക്കും. ശ്രീ. വി.സി. ജോർജ്കുട്ടി, ഡോ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ പ്രസംഗിക്കും. സെക്രട്ടറിമാരായ അഡ്വ. വത്സ ജോൺ സ്വാഗതവും, ശ്രീ മൈക്കിൾ പി. ജോൺ നന്ദിയും പ്രകാശിപ്പിക്കും. കെ.സി.എഫ് സുവനീർ പ്രകാശനവും ഇതോടനുബന്ധിച്ചുണ്ടായിരിക്കും.

**മോൻസൺ കെ.മാത്യു**
ജനറൽ സെക്രട്ടറി, കെസിഎഫ്.